**ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ തൃശ്ശൂരിന്റെ സംഭാവന.**
സ്വാതന്ത്ര്യ സമരത്തിൽ തൃശ്ശൂരും സമീപപ്രദേശങ്ങളും സജീവമായി പങ്കെടുത്തിട്ടുണ്ട്. ഇനിയും ചരിത്രം രേഖപ്പെടുത്താത്ത നിരവധി സംഭവങ്ങളും മനുഷ്യരുമുണ്ട്. അത്തരം സംഭവങ്ങളെ അനാവരണം ചെയ്യുകയാണിവിടെ.1941-ൽ രൂപീകൃതമായ തൃശ്ശൂരിന്റെ സമീപപ്രദേശമായ ഇരിങ്ങാലക്കുടയിൽ 1942 ജനുവരിയിൽ പ്രജാമണ്ഡലത്തിന്റെ ആദ്യത്തെ വാർഷികസമ്മേളനം നടന്നു. ഇത്തരം സമ്മേളനങ്ങളെ ദിവാൻ നിരോധിച്ചിരുന്നു. അന്ന് പ്രജാമണ്ഡല സമ്മേളനം നടന്നത് ഇരിങ്ങാലക്കുട അയ്യങ്കാവ് ക്ഷേത്ര മൈതാനത്താണ്. അന്ന് കൊച്ചി ഭരിച്ചിരുന്നത് ഡിക്സൺ എന്ന ദിവാനായിരുന്നു. ഇത്തരം സമ്മേളനങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തിയിരുന്നു.

1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ കൊച്ചിയിലെ ഒട്ടുമുക്കാൽ കോൺഗ്രസ്സുകാരും പങ്കെടുത്തിരുന്നു. ഈ ഘട്ടത്തിലാണ് ഉത്തരവാദിത്വഭരണദിനം ആചരിക്കുവാൻ കോൺഗ്രസ് ആഹ്വാനം ചെയ്തത്.

അന്നത്തെ കൊച്ചി പ്രജാമണ്ഡലം കോൺഗ്രസ്സുകാരിൽ വി.ആർ.കൃഷ്ണനെഴുത്തച്ഛൻ, നീലകണ്ഠ അയ്യർ, ഇക്കണ്ടവാരിയർ, പനമ്പിള്ളി ഗോവിന്ദമേനോൻ, ഇ. ഗോപാലകൃഷ്ണ മേനോൻ, ആർ.എം.മനക്കലാത്ത് മത്തായി മാഞ്ഞൂരാൻ തുടങ്ങിയവർ പ്രധാനികളാണ്. ഇക്കാലത്ത് കൊച്ചിയിലും തിരുവിതാംകൂറിലും രാജവാഴ്ചയായിരുന്നു. മലബാറിൽ ബ്രിട്ടീഷുകാരുടെ ഭരണവും.

**കയ്യാല കോടതി**
ഇന്നത്തെ കോടതിയും നിയമവും ബ്രിട്ടീഷ് ഭരണകാലത്ത് സ്ഥാപിക്കപ്പെട്ടതാണ്. നാടുവാഴിത്ത കാലത്ത് കുറ്റം ചെയ്തവരെ മുക്കാലിക്കിട്ട് അടിച്ചിരുന്നു. നാട്ടുപ്രമാണിമാർക്ക് കൊല്ലിനും കൊലക്കും അധികാരമുണ്ടായിരുന്നു. സ്വന്തം വീടുകളിലെ കയ്യാലകളിൽവച്ച് കുറ്റവാളികളെ നാട്ടുപ്രമാണിമാർ വിചാരണ ചെയ്തിരുന്നു. ഇവിടെ കടുത്ത ശിക്ഷയും നൽകിയിരുന്നു. ഇത്തരം വിചാരണ കേന്ദ്രങ്ങളെ കയ്യാല കോടതികൾ എന്നുപറഞ്ഞിരുന്നു.

**പഴയ വാർത്താവിനിമയം**
രാജവാഴ്ചക്കാലത്ത് കുതിരപ്പുറത്താണ് സന്ദേശങ്ങൾ എത്തിച്ചിരുന്നത്. ഈ സൗകര്യം രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും മാത്രമുള്ളതായിരുന്നു. ഈ സന്ദേശവാഹകന്മാരുടെ കയ്യിൽ സാധാരണക്കാരും സന്ദേശം കൊടുത്തയക്കുവാൻ തുടങ്ങി. ഇതറിഞ്ഞ രാജാവ് സാധാരണക്കാർക്കുവേണ്ടി തുടങ്ങിയ വാർത്താവിനിമയ സംവിധാനമാണ് “അഞ്ചൽ”.

കൊച്ചിക്കും , തിരുവിതാംകൂറിനും, മലബാറിനും വെവ്വേറെ സ്റ്റാമ്പുകളും അഞ്ചൽ സംവിധാനങ്ങളുമുണ്ടായിരുന്നു.

**ക്വിറ്റ് ഇന്ത്യാ സമരവും തൃശ്ശൂരും**

ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ കാഹളം തൃശ്ശൂരിൽ ആദ്യമായി കേട്ടത് തൃശ്ശൂർ തേക്കിൻകാട്ടിലെ ചരിത്രപ്രസിദ്ധമായ മണികണ്ഠനാലിന്റെ പരിസരത്തുവെച്ചാണ്. തേക്കിൻകാട് മൈതാനിയിൽ പതിനായിരങ്ങൾ ഒത്തുകൂടി. മറുഭാഗത്ത് സമരക്കാരെ ഒതുക്കുവാൻ എം.എസ്.പി.യും അണിനിരന്നു. മണികണ്ഠനാലിലേക്ക് ശ്രീകണ്ഠഅയ്യർ കുതിച്ചുകയറി, പുറകേ കെ.കരുണാകരനും. രണ്ടുപേരും അറസ്റ്റുചെയ്യപ്പെട്ടു. ഇവരുടെ അറസ്റ്റിനെതുടർന്ന് ജനം രോഷാകുലരായി. പോലീസ് മർദ്ദനം അഴിച്ചുവിട്ടു. തൃശ്ശൂരിൽ കടകളെല്ലാം അടച്ചുപൂട്ടി.

#### ഈ സമരത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

ആളൊഴിഞ്ഞ ഒരുഭാഗത്ത് തൃശ്ശൂർ വിവേകോദയം സ്കൂളിലെ വിദ്യാർത്ഥിനികൾ ബ്രിട്ടീഷുകാർക്കെതിരെയും ഭാരത് മാതാകീ ജയ് വിളിയും നടത്തി. സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥിനികളെ സ്കൂളിൽനിന്നും പുറത്താക്കി. ഇതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥിനികൾ സി.എം.പൊതുവാളിന്റെ നേതൃത്വത്തിൽ അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഐ.എം.മേനോന്റെ വസതിയിലേക്ക് മാർച്ച് ചെയ്തു. കുമാരി കമലവും , തങ്കവും ഈ സമരത്തിലെ പ്രധാനികളായിരുന്നു. കുറേ ആൺകുട്ടികളും ഈ സമരത്തിൽ പങ്കെടുത്തു. ഐ.എം. മേനോൻ സമരക്കാരെ പോലീസിനെ ഉപയോഗിച്ച് നേരിട്ടു. ശ്രീമതി കല്യാണിക്കുട്ടി അമ്മയേയും, നെടിമ്പത്ത് ലീലയേയും മുടിയിൽ ചുറ്റിപ്പിടിച്ച് ക്രൂരമായി മർദ്ദിച്ചു. സമരക്കാരെ പോലീസ് വാനിലിട്ടുകൊണ്ടുപോയി. കുമാരി തങ്കം അവശയായിരുന്നു. അവരെ ലോക്കപ്പിലും പിന്നീട് ജയിലിലും പാർപ്പിച്ചു.

നാട്ടിൽ അക്രമങ്ങൾ ഉണ്ടാവാതിരിക്കുവാൻ 140 സമര ഭടന്മാരെ അറസ്റ്റുചെയ്തു. ആകെ 143 പേർ ആ സമരവുമായി ബന്ധപ്പെട്ട് അറസ്റ്റിലായി വിയ്യൂർ സെൻട്രൽ ജയിലിൽ ഉണ്ടായിരുന്നു. 142 സഹോദന്മാരും ഒരു സഹോദരിയും എന്നാണ് കുമാരി തങ്കത്തെ പത്രങ്ങൾ വിശേഷിപ്പിച്ചത്.

1946 അവസാനം കർഷകർക്കുവേണ്ടി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന മത്തായി മാഞ്ഞൂരാനെ അറസ്റ്റുചെയ്തു. രാജ്യദ്രോഹക്കുറ്റം ചുമത്തി കോടതിയിൽ ഹാജരാക്കി വിസ്തരിച്ചു. മഞ്ഞുരാൻ താൻ കുറ്റക്കാരനല്ലെന്ന് കോടതിയിൽ പറഞ്ഞു. കോടതി മാഞ്ഞുരാനെ ആറുമാസത്തെ തടവുശിക്ഷവിധിച്ച് വിയ്യൂർ ജയിലിക്ക് അയച്ചു. അറസ്റ്റിൽ പ്രതിഷേധിച്ച് തൃശ്ശൂർ മണികണ്ഠനാലിന്റെ സമീപത്ത് ആളുകൾ പ്രതിഷേധയോഗം കൂടി. എം.പി.മേനോന്റെ (അദ്ദേഹം പിന്നീട് ജസ്റ്റിസ് ആയി) അതിഗംഭീര പ്രസംഗം ആളുകളെ ആവേശം കൊള്ളിച്ചു. മാഞ്ഞുരാനെ അറസ്റ്റുചെയ്ത് പത്താംദിവസം പ്രതിഷേധക്കാർ ജാഥയായി വിയ്യൂർ ജയിലിനെ ലക്ഷ്യമാക്കി നടന്നു. പോലീസുകാർ അവരെ വഴിക്കുവെച്ച് തടഞ്ഞ് അതിഭീകരമായ മർദ്ദനം നടത്തി. സമരത്തിന് ഫലമുണ്ടായി. മത്തായി മാഞ്ഞൂരാനെ പെട്ടെന്ന് മോചിപ്പിച്ചു.

**തൃശ്ശൂർ ലഹള**

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സന്ദേശം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 1921 ഫെബ്രുവരി 2 ന് രാജഗോപാലാചാരി തൃശ്ശൂരിൽ എത്തി. തൃശ്ശൂർ തേക്കിൻകാട്ടിലെ മണികണ്ഠനാൽത്തറയിൽ കൂടിയ പൊതുയോഗത്തിൽ പ്രസംഗിച്ചു. നിസ്സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നിരവധി ചെറുപ്പക്കാർ കോളേജ് വിട്ടിറങ്ങി, വക്കീലുമാർ കോടതി ബഹിഷ്ക്കരിച്ച് പ്രസ്ഥാനത്തോടൊപ്പം ചേർന്നു. കുറൂർ നീലകണ്ഠൻ നമ്പൂതിരി, ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്, ഡബ്ള്യൂ ഇഗ്നേഷ്യസ്, അഭിഭാഷകനായ സി.ആർ.ഇയ്യുണ്ണി എന്നിവർ ഇതിൽപെടുന്നു.

ഈ നിസ്സഹകരണപ്രസ്ഥാനത്തെ തകർക്കാൻ എല്ലാവിധ കുത്സിതതന്ത്രങ്ങളും അന്നത്തെ ഭരണകൂടം ഉപയോഗിച്ചിരുന്നു.

അതിനു ഭരണകൂടം കണ്ടെത്തിയത് മതമൈത്രി തകർക്കുക എന്ന തന്ത്രമായിരുന്നു. അന്നത്തെ പോലീസ് കമ്മീഷണർ എം.എ.ചാക്കോ തുടങ്ങി പല ഉദ്യോഗസ്ഥന്മാരും ഇന്ത്യൻ നാഷണൽ കോൺഗ്രസ് രാജ്യദ്രോഹികളുടെ സംഘടനയാണെന്ന് പ്രചരിപ്പിച്ചിരുന്നു.

തൃശ്ശൂരിൽ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തിരുന്ന ഹിന്ദുക്രൈസ്തവ സഹോദരങ്ങളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കി, നിസ്സഹകരണ പ്രസ്ഥാനത്തെ ഹിന്ദുക്രിസ്ത്യൻ കലാപമാക്കി മാറ്റാനും ഭരണാധികാരികൾ ശ്രമിച്ചു.

മണികണ്ഠനാൽത്തറയിൽ രാജാജി പ്രസംഗിച്ചുകൊണ്ടിരിക്കേ കല്ലേറുനടന്നു. അന്ന് കൊച്ചി ദിവാൻ സർ.ടി.വിജയരാഘവാചാര്യരായിരുന്നു. അദ്ദേഹവും നിസ്സഹകരണപ്രസ്ഥാനത്തെ തകർക്കാൻവേണ്ട നിർദ്ദേശങ്ങൾ കൊടുത്തു തൃശ്ശൂരിൽതന്നെ ക്യാമ്പുചെയ്തിരുന്നു. കല്ലേറിൽ രാജാജിക്കു പരിക്കുപറ്റി. തന്റെ തലയിൽവീണകല്ല് രാജാജി ദിവാനുകൊടുത്തു. തൃശ്ശൂർ പട്ടണത്തിൽ സംഘർഷാവസ്ഥ സംജാതമായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ പോലീസിന്റെ ഒത്താശയോടും ഭരണകൂടത്തിന്റെ സഹായത്തോടും കൂടി തൃശ്ശൂരിൽ ബ്രിട്ടീഷ് ചക്രവർത്തിനിയുടെ ചിത്രം എഴുന്നള്ളിച്ചുകൊണ്ടുള്ള രാജഭക്തന്മാരുടെ ജാഥ നടന്നു. കോൺഗ്രസ്സിനെതിരായ ഒരു ജനകീയ പ്രകടനം എന്ന നിലക്കാണ് ആ ജാഥ സംഘടിപ്പിച്ചതെങ്കിലും അതിനെ എതിർക്കാൻ മറ്റൊരു കൂട്ടരും ഉണ്ടായി. ഇരുകൂട്ടരും ഏറ്റുമുട്ടി. യഥാർത്ഥ വിഷയത്തിൽനിന്നും ഭരണകൂടം ആളുകളെ മാറ്റുകയും ഈ സംഘർഷത്തെ ഹിന്ദു-ക്രിസ്ത്യൻ സങ്കർഷമാക്കി മാറ്റുകയും ചെയ്തു.

ഈ കലാപം തൃശ്ശൂരിന്റെ അടുത്ത പ്രദേശങ്ങളിലേക്കും വ്യാപിച്ചു. പല കുടുംബങ്ങളും തൃശ്ശൂർ വിട്ടുപോയി. കൊള്ളയും കൊള്ളിവെപ്പുകളും നടന്നു. പാലായനം ചെയ്തവരുടെ കൂട്ടത്തിൽ ഇയ്യുണ്ണവക്കീലിന്റെ കുടുംബവും ഉണ്ടായിരുന്നു. ഈയ്യുണ്ണിയുടെ ഭാര്യവീട്

ഒല്ലൂരായിരുന്നു. അവിടെനിന്നും വിശ്വസ്തരായ ഇരുപതോളം അംഗരക്ഷകരെ ഇയ്യുണ്ണിയുടെ രക്ഷക്കും കള്ളിയത്ത് മജിസ്ട്രേറ്റിന്റെ രക്ഷക്കും വേണ്ടി അയച്ചിരുന്നു.

അന്ന് തൃശ്ശൂരിലെ ഹൈറോഡിൽ ചാക്കോളയുടെ കടക്കു സമീപത്ത് ടി.ആർ.കൃഷ്ണയ്യർ ആന്റ് ബ്രദേഴ്സ് എന്ന തുണിക്കടയുമുണ്ടായിരുന്നു. സ്വാമിയുടെ തുണിക്കട കൊള്ളയടിക്കുമ്പോൾ അരിയങ്ങാടിയിൽ താമസിച്ചിരുന്ന ധനികനായ പല്ലൻ കുഞ്ഞുവറീത് കൊള്ളക്കാരോട് മാറിപ്പോകുവൻ അപേക്ഷിച്ചു. കൊള്ളക്കാർ പിന്മാറിയില്ല. ബുദ്ധിമാനായ കുഞ്ഞുവറീത് വീട്ടിലേക്കോടി ഭാര്യയേയും മക്കളേയും കൂട്ടി അയ്യരുടെ കട കൊള്ളയടിച്ചു. കൊള്ളയടിച്ച സാധനങ്ങൾ കേടുകൂടാതെ തന്റെ നിലവറയിൽ സൂക്ഷിച്ചു. കൃഷ്ണഅയ്യർ തകർന്നു. ബാങ്കിൽ പണം അടക്കുവാൻ കഴിയാതെ വിഷമിച്ചു. അദ്ദേഹത്തിന്റെ ദയനീയ സ്ഥിതികണ്ട് ഏതോ ഒരു നല്ലമനുഷ്യൻ അയ്യർക്ക് ബാങ്കിൽ ഒരു ജോലികൊടുത്തു.

ലഹള അടങ്ങിയപ്പോൾ കുഞ്ഞുവറീത് അയ്യരെ തേടിപ്പിടിച്ച് താൻ കൊള്ളയടിച്ച എല്ലാ വസ്തുക്കളും അയ്യർക്ക് തിരികെ കൊടുത്തു. തുണിയുടെ കുറേ ഭാഗം ചാക്കോളക്ക് വിറ്റ് കിട്ടിയ കാശുകൊണ്ട് തൃശ്ശൂർ പടിഞ്ഞാറേ റൗണ്ടിൽ സ്വാമിയുടെ അനുജന്റെ പേരിൽ തുടങ്ങിയ തുണിക്കടയാണ് ടി.ആർ.രാമയ്യർ ആന്റ് ബ്രദേഴ്സ്. ഇതുപോലെ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ കലാപം ഒതുക്കിത്തീർക്കാൻ പോലീസോ മറ്റു ഭരണാധികാരികളോ വേണ്ടത്ര ശ്രദ്ധിച്ചില്ല. ഈ കലാപത്തെ സമചിത്തതയോടെ കൈകാര്യം ചെയ്തവരിൽ പ്രമുഖരാണ് ഡോ.എ.ആർ.മേനോനും, അഡ്വ:സി.ആർ.ഇയ്യുണ്ണിയും.

അന്ന് കൊച്ചി ചീഫ് കോടതി ജഡ്ജി ജസ്റ്റിസ് സി.വി.ആന്റണി(അദ്ദേഹം കള്ളിയത്ത് ജഡ്ജി എന്നാണ് വിളിക്കപ്പെട്ടിരുന്നത്) ആയിരുന്നു. അദ്ദേഹം ചെമ്പൂക്കാവിലാണ് താമസിച്ചിരുന്നത്. കള്ളിയത്ത് ജഡ്ജി തന്റെ ഔദ്യോഗിക കാര്യത്തിനായി പട്ടണത്തിലേക്കു വരികയായിരുന്നു. റിക്ഷയിലാണ് യാത്ര ചെയ്തിരുന്നത്. അംഗരക്ഷകൻ പുറകിലുണ്ടായിരുന്നു. റിക്ഷ വണ്ടി കാത്തലിക് സിറിയൻ ബാങ്കിന്റെ (ഇന്നത്തെ ബാങ്കിന്റെ ഹെഡ് ഓഫീസ്) മുന്നിലെത്തി. അപ്പോൾ ജഡ്ജിയെ കൊല്ലുവാൻ ഒരാൾ ഉലക്കയുമായി ചാടിവീണു. അംഗരക്ഷകൻ തടുത്തതുകൊണ്ട് ജഡ്ജി രക്ഷപ്പെട്ടു. അംഗരക്ഷകൻ മാരകമായ പരിക്കുകളോടെ ആശുപത്രിയിലായി. ഈ അംഗരക്ഷകൻ ഒല്ലൂക്കാരനായ കന്യമാണി ആയിരുന്നു. ഈ സംഭവം അറിഞ്ഞ് ഇയ്യുണ്ണിവക്കീലിന്റേയും എ.ആർ.മേനോന്റെയും നേതൃത്വത്തിൽ ഒരു സംഘം ആളുകൾ ഗസ്റ്റ് ഹൗസിൽ ക്യാമ്പ് ചെയ്തിരുന്നു. ദിവാൻ ടി.പി. ജയരാഘവാചാര്യയെ ചെന്നുകണ്ട് പരാതി നൽകി. ഈ സമയം മുമ്പ് രാജഗോപാലാചാര്യയെ എറിഞ്ഞകല്ല് ദിവാന്റെ കൈവശമുണ്ടായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കിയ ദിവാൻ പോലീസിനും പട്ടാളത്തിനും വേണ്ട നിർദ്ദേശം കൊടുത്തു. പോലീസും പട്ടാളവും രംഗത്തിറങ്ങി ലഹളക്കാരെ ഒതുക്കി.

ജഡ്ജിയെ രക്ഷപ്പെടുത്തിയ അംഗരക്ഷകനായിരുന്ന കന്യാമണിക്ക് സർക്കാർ പെൻഷൻ അനുവദിച്ചു. ചെമ്പുക്കാവിൽ താമസിക്കുന്ന കന്യാമണിയുടെ വീട്ടുകാർക്ക് ഇപ്പോഴും പെൻഷൻ ലഭിക്കുന്നുണ്ട്.

**ക്വിറ്റിന്ത്യാസമരവും തൃശ്ശൂരും**

1942 ഓഗസ്റ്റ് 9ന് ക്വിറ്റിന്ത്യാ പ്രക്ഷോഭം ആരംഭിച്ചതോടെ പ്രജാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ മണികണ്ഠനാൽത്തറയിൽ ദിവസേന വമ്പിച്ച പൊതുയോഗങ്ങൾ നടന്നുകൊണ്ടിരുന്നു. എം.ആർ.മനക്കലാത്ത്, എ.പി.നമ്പ്യാർ, കെ.ഭാഗ്യനാഥൻ (പ്രശസ്ത ഐന്ദ്രജാലികൻ) സി.എം.പൊതുവാൾ എന്നിവരുടെ പ്രസംഗങ്ങൾ ജനങ്ങളിൽ ആവേശം പകർന്നിരുന്നു. മണികണ്ഠനാലിന്റെ സമീപമായിരുന്ന സമരരംഗം. 59 പേരെ അറസ്റ്റുചെയ്തു അറുപതാമത്തെ ആളായ ഇക്കണ്ടവാര്യരെ അറസ്റ്റുചെയ്തപ്പോൾ സമരക്കാർ ബഹളം കൂട്ടി. എല്ലാവരേയും ക്രൂരമായി മർദ്ദിച്ച് ജയിലിലടച്ചു. പപ്പാളി എന്ന ഭീകര മർദ്ദകനായിരുന്നു പോലീസ് ഉദ്യോഗസ്ഥൻ. ചൂരൽകൊണ്ട് തല്ലിയും, ബയണറ്റുകൊണ്ട് ഇടിച്ചുമാണ് സമരക്കാരെ അദ്ദേഹം നേരിട്ടിരുന്നത്. ഇദ്ദേഹത്തിന്റെ മർദ്ദനം സഹിക്കാനാവാതെ ഒരു പാട്ടുതന്നെ എഴുതി "പപ്പാളി പിപ്പിളി ഊതി, പരക്കെത്തല്ലി" എന്നിങ്ങനെ ജനങ്ങൾ പാടിനടന്നു.

## മണികണ്ഠനാൽത്തറ

**സ്വാതന്ത്ര്യത്തിന്റെ പ്രതീകം.**

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ കൊച്ചിരാജ്യത്തിലെ ഏറ്റവും പ്രമുഖമായപ്രതീകമാണ് തൃശ്ശൂരിലെ തെക്കേ പ്രദക്ഷിണവഴിയുടെ ഓരത്ത് സ്ഥിതിചെയ്യുന്ന മണികണ്ഠനാൽത്തറ എന്ന പ്രസംഗവേദി. ഏറെക്കാലം അവിടെ പന്തലിച്ചുനിന്ന ആൽമരം കടപുഴകി വീണു നശിച്ചുപോയി. തറമാത്രമേ ഇന്നുള്ളൂ. പ്രസംഗവേദി ഒരു ഓർമ്മ മാത്രം.

**രാഷ്ട്രീയ വിദ്യാഭ്യാസവേദി**

മഹാത്മാഗാന്ധി, പണ്ഡിറ്റ് നെഹ്റു, ഡോ.രാജേന്ദ്രപ്രസാദ്, പട്ടാഭിസീതാരാമയ്യ, ബുലഭായി ദേശായി, കമലാദേവി ചതോപാദ്ധ്യായ, സരോജിനീ നായഡു, സത്യമൂർത്തി, രാജഗോപാലാചാരി, കാമരാജനാടാർ, എ.കെ.ഗോപാലൻ തുടങ്ങി സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ മിക്കവാറും എല്ലാ മഹാരഥന്മാരും തൃശ്ശൂർ സന്ദർശിച്ച അവസരങ്ങളിൽ മണികണ്ഠനാൽത്തറയെ പ്രസംഗമണ്ഡപമായി ഉപയോഗിച്ചിട്ടുണ്ട്.

കൊച്ചിയിലെ രാഷ്ട്രീയപ്രക്ഷോഭണങ്ങളുടെ അഖിലേന്ത്യാ പ്രശസ്തിയാർജ്ജിച്ച കേന്ദ്രവേദിയായിരുന്നു അത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഇവിടത്തെ പ്രാരംഭപ്രചാരകനായിരുന്ന മൂത്തേടത്തു നാരായണമേനോൻ ഈ വേദിയിൽനിന്ന് ഇടക്കിടെ ചെയ്തിരുന്ന നീണ്ട ഉജ്ജ്വല പ്രഭാഷണങ്ങൾ തികച്ചും രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ ഫലം ഉളവാക്കി. കൊച്ചിയിൽനേരിട്ടു

സജീവമല്ലാതിരുന്നതും മലബാറിലും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും ശക്തിപ്രാപിച്ചുവന്നിരുന്നതുമായ സ്വാതന്ത്ര്യസമരത്തിന്റെ ആവേശം ഇവിടത്തുകാരിൽ ഊതിജ്വലിപ്പിക്കാൻ അത് ഏറെ പ്രയോജനപ്പെട്ടു.

**ഇലക്ട്രിക്ക് പ്രക്ഷോഭണം**

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിട്ടല്ലെങ്കിലും ദിവാൻ ഷൺമുഖം ചെട്ടിയുടെ സ്വാർത്ഥപൂരിതമായ അധികാപ്രമത്തതയെ വെല്ലുവിളിച്ചുകൊണ്ട് മുപ്പതുകളുടെ ഉത്തരാർദ്ധത്തിൽ ഇവിടെ നടത്തപ്പെട്ട "ഇലക്ട്രിക് പ്രക്ഷോഭണത്തെ" അജയ്യമായ ജനകീയ മുന്നേറ്റമാക്കി തീർത്തത് സർക്കാരിനെ മുട്ടുകുത്തിക്കാൻ അതിന്റെ നേതാക്കളായ ഡോ.എ.ആർ.മേനോൻ, സി.ആർ.ഇയ്യുണ്ണി, ഇക്കണ്ടവാരിയർ മുതൽപേർ മണികണ്ഠനാലിൽ കയറിനിന്നാണ് ആഹ്വാനം നൽകിയത്.

**അച്യുതമേനോന്റെ ജയിൽവാസം**

മുൻമുഖ്യമന്ത്രി സി.അച്യുതമേനോൻ ലോകസമാധാനത്തിന്റെയും തൊഴിലാളി ഐക്യത്തിന്റെയും പേരിൽ ഇവിടെവെച്ചു ചെയ്ത ഒരു പ്രസംഗം അദ്ദേഹത്തെ വിയ്യൂർ സെൻട്രൽ ജയിലിൽ എത്തിച്ച് അവിടെ ഒന്നരകൊല്ലത്തോളം കാരിരുമ്പഴിക്കുള്ളിൽ പാർപ്പിച്ചു.

**ക്വിറ്റിന്ത്യാസമരം**

1942 ആഗസ്റ്റ് 9ന് ക്വിറ്റിന്ത്യാസമരം ആരംഭിച്ചതിനെതുടർന്ന് പ്രജാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ മണികണ്ഠനാൽത്തറയിൽ ദിവസേന വമ്പിച്ച പൊതുയോഗങ്ങൾ നടന്നുകൊണ്ടിരുന്നു. അന്നുകൊച്ചിയിൽ ദേശീയ പ്രബുദ്ധത ഉൽക്കടമായി ഉത്തേജിപ്പിച്ച് ആളുകളെ സമരമുഖത്തേക്ക് ആകർഷിക്കാൻ ഏറെ പ്രചോദനം നൽകുന്നവയായിരുന്നു ആ യോഗങ്ങൾ. പ്രമുഖ വാഗ്മികളായ ആർ.എം.മനക്കലാത്ത് എ.പി.നമ്പ്യാർ (അന്തരിച്ചു) കെ.ഭാഗ്യനാഥൻ, (പ്രശസ്ത ഐന്ദ്രജാലികൻ), സി.എം.പൊതുവാൾ മുതലായ യുവാക്കളുടെ ചോരതിളപ്പിക്കുന്ന വാക്കുകൾ ജനഹൃദയങ്ങളിൽ തുളച്ചുകയറി.

**നരനായാട്ട്**

ഒരാഴ്ച കഴിഞ്ഞ് 18-ാം തിയതി പ്രജാമണ്ഡലം പ്രസിഡന്റ് എസ്.നീലകണ്ഠഅയ്യരുടെ അദ്ധ്യക്ഷതയിൽ യോഗം തുടങ്ങുന്നു. പെട്ടെന്ന് അതാ നിരോധനാജ്ഞ പ്രഖ്യാപനവുമായി പോലീസ് പാഞ്ഞെത്തി. അയ്യരെയും അദ്ദേഹത്തോടൊപ്പം വേദിയിലുണ്ടായിരുന്ന മുൻ മുഖ്യമന്ത്രി കെ.കരുണാകരനേയും അറസ്റ്റുചെയ്തു. ക്ഷുഭിതരായ ജനക്കൂട്ടത്തിൽനിന്ന് മുളക്കൻചാക്കു എന്ന യുവാവ് പോലീസിന്റെ മുന്നിലേക്ക് ചാടിവന്നു. അദ്ദേഹവും അറസ്റ്റിലായി.

ഉടനെ ഭയങ്കരമായ ലാത്തിച്ചാർജ്ജ്. സന്ധ്യമയങ്ങിയ ഇരുട്ടിൽ അതിക്രൂരമായ ലാത്തിച്ചാർജ്ജ് ഏറ്റ് പൗരപ്രധാനിമാരിൽ പലർക്കും സാരമായ പരിക്കുപറ്റി. ജനങ്ങൾ അങ്ങുമിങ്ങും ഓടി. ഭയവിഹ്വലരായിതീർന്ന അവരെ പിൻതുടർന്ന്

സമീപസ്ഥലങ്ങളായ കടകളിലും കെട്ടിടങ്ങളിലും തട്ടിൻപുറങ്ങളിൽപോലും പോലീസ് കയറി മർദ്ദിച്ചു. നിരപരാധികളായ, യോഗത്തിൽ എത്തുകപോലും ചെയ്തിട്ടില്ലാത്തവർക്കും തല്ലുകിട്ടി. അന്നത്തെ സംഭവത്തെ ഹൃദയസ്പൃക്കായി വർണ്ണിച്ചുകൊണ്ട് “സ്നേഹിതൻ” പത്രാധിപർ വി.കെ.ശങ്കരൻ “തൃശ്ശൂരിലെ നരനായാട്ട്” എന്ന ശീർഷകത്തിൽ ഒരു ലേഖനം തന്റെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അദ്ദേഹവും പോലീസിന്റെ പിടിയിലായി. പത്രം കണ്ടുകെട്ടി. അറസ്റ്റുചെയ്യപ്പെട്ട എല്ലാവരേയും കോടതി ശിക്ഷിച്ച് ആറുമാസത്തേക്കോ മറ്റോ ജയിലിലാക്കി.

### നിരോധിതമേഖല

അതേത്തുടർന്ന് മണികണ്ഠനാൽത്തറയിലും ചുറ്റുപാടും പൊതുയോഗ നിയന്ത്രണം ഏർപ്പെടുത്തി. പോലീസ് കാവലിലായി. എന്നാൽ ആ നിരോധനം ദിവസേന ലംഘിച്ചുകൊണ്ട് പലരും ജയിൽവാസം വരിച്ചു. അവരിൽ ഉൾപ്പെട്ട് എം.ആർ.നായർക്കും എട്ടുമാസത്തെ കഠിനതടവ് അനുഭവിക്കേണ്ടിവന്നു. പിന്നീട് രണ്ടിലേറെ കൊല്ലക്കാലം കഴിഞ്ഞാണ് അവിടെ നിരോധനം പൂർണ്ണമായും പിൻവലിക്കപ്പെട്ടത്.

### പരിശീലനക്കളരി

ഉന്നതവാഗ്മികളെന്നു പിന്നീട് പ്രസിദ്ധിയാർജ്ജിച്ച നിരവധിയുവാക്കൾക്ക് സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഒരു പരിശീലനക്കളരിയായിരുന്നു മണികണ്ഠനാൽത്തറയിലെ വേദി.എ.ടി.ലാസർ, എം.പി.മേനോൻ (മുൻ ഹൈകോടതി ജഡ്ജി), കെ.ആർ.ചുമ്മാർ(മലയാള മനോരമ) മുതലായവർ പ്രസംഗകലകളിൽ പയറ്റിത്തെളിഞ്ഞത് ഇവിടെവെച്ചാണ്.

ചൊവ്വര പരമേശ്വരൻ, ഇ.എം.എസ്.നമ്പൂതിരിപ്പാട്, മുഹമ്മദ് അബ്ദുൾ റഹിമാൻ, സി.എം.സ്റ്റീഫൻ , ഒബൈദുള്ള, അരുണ ആസിഫലി, മത്തായി മഞ്ഞൂരാൻ, പുതൂർ അച്യുതമേനോൻ, എസ്.എസ്.ബാട്ലിവാല തുടങ്ങിയ പല നേതാക്കളും ഇവിടെയാണ് തങ്ങളുടെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളത്. മണികണ്ഠനാൽത്തറയിൽ പ്രസംഗം നടക്കുന്നതിന്റെ പ്രതീകമായി ഒരു കൊടിനാട്ടിയാൽ നഗരത്തിനുപുറത്തു ദൂരദിക്കുകളിൽനിന്നുപോലും യോഗസമയത്ത് ജനങ്ങൾ അവിടെ തടിച്ചുകൂട്ടുമായിരുന്നു.

### ജനാധിപത്യത്തിലേക്ക്

1946-ൽ മലയാള മാസം കർക്കടകം 13ന് കൊച്ചിയിൽ “ഉത്തരവാദിത്വഭരണദിനം” ആചരിക്കപ്പെട്ടു. അന്നു മണികണ്ഠനാൽത്തറയിൽ നിന്നുകൊണ്ട് പ്രജാമണ്ഡലം നിയമസഭാപാർട്ടി നേതാവും, പിന്നീട് രാജഭരണക്കാലത്ത് ഭാഗിക മന്ത്രിസഭയുടെ തലവനും, തിരുകൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും, ഒടുവിൽ കേന്ദ്രത്തിന്റെ ക്യാബിനറ്റ് മന്ത്രിയും ആയി പ്രശോഭിച്ച ഉജ്വലവാഗ്മിയായ പനമ്പിള്ളി ഗോവിന്ദമേനോൻ ഘനഗംഭീരമായ പ്രസംഗം ആരംഭിച്ചത് ഇങ്ങനെയാണ്. “മണികണ്ഠനാലിന്റെ ഓരോ ഇലയിലും ആൽച്ചുവട്ടിലെ ഓരോ തരി മണ്ണിലും

ദേശീയബോധവും രാജ്യാഭിമാനവും ഇഴുകിച്ചേർന്നിട്ടുണ്ട്." കൊച്ചിയിലെ ഭരണകൂടം ജനാധിപത്യത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടാൻ പ്രചോദകമായിതീർന്ന സുപ്രധാന സംഭവമായിരുന്നു ആ പ്രസംഗം.

**വീണ്ടും നിരോധിത മേഖല**

1947 ആദ്യം ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രാപ്തിക്കുമുന്നാടിയായി ദൽഹിയിൽ പണ്ഡിറ്റ് നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റ് ഭരണം നടത്തുന്ന സന്ദർഭം. ആ ഇടക്ക് വീരകേസരിയായ സോഷ്യലിസ്റ്റ് മത്തായി മാഞ്ഞൂരാനെ ഒരു രാജ്യദ്രോഹപ്രസംഗം ചെയ്തു എന്ന് ആരോപിച്ച് വിയ്യൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. അതിൽ പ്രതിഷേധിച്ച് ജനങ്ങൾ മണികണ്ഠനാൽത്തറയിൽ ഒരു യോഗം കൂടി. സമയം ഉച്ചയോട് അടുക്കുന്നു. യോഗാനന്തരം ഏതാനും യുവപ്രവർത്തകർ "ചലോ വിയ്യൂർ" എന്ന മുദ്രാവാക്യം മുഴക്കി വടക്കോട്ടുനീങ്ങി. ഒരു പ്രകടനമായി ജയിലിൽചെന്ന് മാഞ്ഞൂരാനെ വിട്ടുവിക്കണമെന്ന ആവശ്യം ജയിൽ അധികാരികളോട് പറയണമെന്ന ഉദ്ദേശമായിരുന്നു അവർക്ക്. ആ ജാഥയെ വിയ്യൂർ സെൻട്രൽ ജയിൽ പരിസരത്തുവെച്ച് പോലീസ് തടഞ്ഞു. യുവാക്കളുടെ മുദ്രാവാക്യംവിളി ആകാശംഭേദിക്കുമാറ് അത്യുച്ചത്തിലായി. മുന്നോട്ടു നിങ്ങാൻ പറ്റാതെ അവർ റോഡിൽ നിരന്നുനിന്നു. പോലീസ് അവരെ തല്ലി വിരട്ടി ഓടിക്കുവാൻ നോക്കി. ആ സന്നദ്ധഭടന്മാർ വഴങ്ങിയില്ല. അപ്പോൾ അവരുടെമേൽ അതിക്രൂരമായ ലാത്തിച്ചാർജ്ജ് നടത്തി. യുവാക്കൾ കൂസലില്ലാതെ കമിഴ്ന്ന് കിടന്നു. നിർദ്ദയമായ ലാത്തിപ്രഹരമേറ്റ് സന്നദ്ധഭടന്മാരുടെ ദേഹത്തുനിന്നും രക്തം വാർന്നൊഴുകി റോഡ് കുതിർന്നു. എല്ലാവരും അവശരായപ്പോൾ പോലീസ് അവരെ വലിച്ചിഴച്ച് വാനിലേക്ക് എടുത്തെറിഞ്ഞ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പട്ടാപ്പകൽ നടന്ന ആ ഭീകരനാടകത്തിന് ദൃക്സാക്ഷികളായ ആളുകൾ നടുങ്ങി. ആ പ്രവർത്തകരുടെ ദൃഢനിശ്ചയം അത്ഭുതജനകം തന്നെ. തടങ്കൽ പാളയത്തിൽ വെച്ചു അവരുടെ മർദ്ദനം തുടർന്നുവത്രേ. കെ.പി.മേനോൻ, കെ.സി.കെ.എം.മേത്തർ, എൻ.വി.ശ്രീധരൻ, ചാക്കോ മുതലായ ആ ധീരഭടന്മാർ വിട്ടുമാറാത്ത ശാരീരിക വേദനകൾ അനുഭവിച്ചുകൊണ്ട് ഇപ്പോഴും ജീവിതം ഉന്തിനീക്കുകയാണ്. അതിനാൽ മേത്തർ പിന്നീട് മരിച്ചുപോയി.

"ചലോ വിയ്യൂർ " സംഭവത്തെ തുടർന്ന് മണികണ്ഠനാൽത്തറയും പരിസരവും വിയ്യൂർ ജയിൽവരെയുള്ള പ്രദേശവും 144 പ്രഖ്യാപിക്കപ്പെട്ടു. ആ നിരോധനം ലംഘിക്കുകയെന്നത് അവിടെ ഒരു ദിനചര്യയായി തുടർന്നുകൊണ്ടിരുന്നു. ക്വിറ്റിന്ത്യാസമരകാലത്തിനു സമാനമായി ജനങ്ങളിൽ ഏറെ പ്രകമ്പനങ്ങൾ സൃഷ്ടിച്ച പ്രക്ഷുബ്ധമായ അന്തരീക്ഷം. ആർ.എം.മനക്കാലത്ത്, എം.പി.മേനോൻ, എം.ടി.ലാസർ മുതലായവർ അന്ന് നിയമം ലംഘിച്ച് അറസ്റ്റുവരിച്ചവരിൽ പെടും.

**കുത്സിത തന്ത്രം.**

ജനകീയ മുന്നേറ്റത്തിന്റെ ഉഗ്രമായ തിരിച്ചുമറിയലിൽ വിറളിപൂണ്ട-എന്നും അധികാരിവർഗ്ഗത്തിന്റെ പാദപൂജകരായ പിന്തിരിപ്പന്മാർ കൂടിയാലോചിച്ചു. അവരുടെ കുത്സിതതന്ത്രം പ്രവർത്തന നിരതമായി. ഫലമോ ആൽത്തറയിന്മേൽ ഓർക്കാപ്പുറത്ത് ഒരു വിഗ്രഹ പ്രതിഷ്ഠ നടന്നു. അവിടെ നിത്യപൂജയും തുടങ്ങി. ഭക്തിയുടെ പേരിൽ ആളുകളെ വഴിതെറ്റിക്കാൻ ആ തന്ത്രം ഉപകരിച്ചു.

സ്വാതന്ത്ര്യം പടിവാതിൽക്കൽ എത്തി എന്നു തോന്നിച്ച അവസരം. രാജ്യസ്നേഹികളായ ചെറുപ്പക്കാർ അസ്വസ്ഥരായി. ഉൽക്കടമായ ആവേശത്തിൽ അവർ മണികണ്ഠനാൽത്തറയിൽ നിന്നും ബലമായി വിഗ്രഹം എടുത്തുമാറ്റാൻ ഒരുങ്ങി. എങ്കിലും നേതാക്കളുടെ സമാധാനകാംക്ഷയും വിവേകവും അവരെ ആ സാഹസത്തിൽനിന്നും പിന്തിരിപ്പിക്കുകയാണ് ചെയ്തത്. അന്നു മുതൽ മണികണ്ഠനാൽത്തറയിൽ പൊതുയോഗം നടത്തുവാൻ പറ്റാതെയായി.

### പ്രസംഗവേദികളുടെ പിതാവ്

നഗരത്തിന്റെ ഹൃദയഭാഗത്ത് കുറുപ്പംറോഡ് "മണിമുഖം" ബെൽ മൗത്ത് ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന സ്ഥാനമാണ്. പിന്നീട് അടുത്തതായി "വിദ്യാർത്ഥി കോർണർ, നെഹ്റു മണ്ഡപം", എന്നീ വേദികൾ അവിടെ ഉയർന്നുവന്നു.

പ്രസംഗവേദികളുടെ പിതാവായ മണികണ്ഠനാൽത്തറയുടെ സ്വാധീനം അതിൽനിന്നും വ്യക്തമാണല്ലോ.

### സ്വാതന്ത്ര്യത്തിന്റെ അടിവേരുകൾ

സ്വാതന്ത്ര്യപ്രാപ്തിയുടെ 40-ാം വാർഷികം പ്രമാണിച്ച് 1988-ൽ ഇന്ത്യയിലെ ചരിത്രപ്രധാനമായ വിവിധ സ്ഥലങ്ങളിൽനിന്ന് മണ്ണ് എടുത്തുകൊണ്ടുപോയി, ഡൽഹിയിൽവച്ച് അവയെല്ലാം കൂട്ടിക്കലർത്തി, ദേശീയ ഐക്യത്തിന്റെ പ്രതീകമായി അതിൽ ചെടികൾ നടുകയുണ്ടായി. രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് സംഘടിപ്പിച്ച ശ്രദ്ധേയമായ ഒരു പരിപാടി. അതിൽ കൂട്ടിച്ചേർക്കുന്നതിനുവേണ്ടി മണികണ്ഠനാൽത്തറയിൽനിന്നും ഒരുപിടി മണ്ണ് ഇവിടത്തെ തലമുതിർന്ന സ്വാതന്ത്ര്യസമരസേനാനിയായ വി.ആർ.കൃഷ്ണൻ എഴുത്തച്ഛൻ എഴുത്ത് കൊടുത്തയച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പല പ്രസംഗങ്ങൾക്കും കൂടി ഇത് വേദിയായിരുന്നു. അങ്ങനെ ഡൽഹിയിൽ തഴച്ചുവളരുന്ന നമ്മുടെ സ്വാതന്ത്ര്യ വൃക്ഷത്തിന്റെ അടിവേരുകൾ ഇങ്ങ് മണികണ്ഠനാൽത്തറിയിലേക്ക് ഇറങ്ങിവന്നിട്ടുള്ളതായി നമുക്ക് അഭിമാനിക്കാം.

### ദാരുണമായ അന്ത്യം

ഒട്ടനവധി മർമ്മപ്രധാനമായ സംഭവങ്ങൾക്ക് ആധാരമായിരുന്ന തന്റെ പാദങ്ങളിലുള്ള പ്രസംഗവേദി ഒട്ടേറെ പ്രതിലോമശക്തികളുടെ ഗൂഢതന്ത്രംമൂലം അപ്രസക്തമായിത്തീർന്നതിൽ മനംനൊന്തിട്ടായിരിക്കണം, നെടുനാൾ നീണ്ടുനിന്ന

നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ആ വൃക്ഷശ്രേഷ്ഠൻ ക്രമേണ ക്ഷീണിച്ചുമറിഞ്ഞുവീണ് മണ്ണടിഞ്ഞത്.

**സ്മാരക മണ്ഡപം**

അനേകം അവിസ്മരണീയ ചരിത്രവസ്തുതകൾ ഉറങ്ങിക്കിടക്കുന്ന മണികണ്ഠനാൽത്തറയുടെ സമീപത്ത് സ്വാതന്ത്ര്യസമരത്തിന്റെ നിത്യസ്മാരകമായി ഒരു മണ്ഡപശില നിർമ്മിക്കണമെന്ന ആശയം തൃശ്ശൂർ ജില്ലാ ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ഉന്നയിച്ചിരുന്നതായിരുന്നു. പക്ഷേ ദേവസ്വം ഭരണക്കാരിൽനിന്ന് അതിന് അനുമതി കിട്ടിയില്ല. ദേവസ്വം , മുൻസിപ്പാലിറ്റി, ഗവൺമെന്റ് മുതലായി പല ഘടകങ്ങളും ഇതിൽ യോജിച്ചുവരേണ്ടതുണ്ട്.